# പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
# സാന്നിധ്യം: ശ്രീ.ഹരിലാൽ ടി.എൻ)

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്–ഹയർസെക്കൻഡറി വിഭാഗം–ജീവനക്കാര്യം എച്ച്.എസ്.എ,യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് &ലാബ് അസിസ്റ്റന്റ് (ഹയർസെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങളിൽ നിന്നും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികമാറ്റ നിയമനം നൽകുന്നതിനുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**നമ്പർ. HSE/5592/2025-Ad B2** **തീയതി :14-08-2026**

---

പരാമർശം: 1) 16/05/2026 ലെ ഇതേ നമ്പർ നടപടിക്രമം.

2)ശ്രീമതി.മുഹ്സിന കെ.സി സമർപ്പിച്ച 15/05/2026 ലെ പരാതി.

3) കോഴിക്കോട് പെരിങ്ങൊളം ജി.എച്ച്.എസ്.എസ്-ലെ പ്രധാനധ്യാപിക മുഖാന്തിരം സമർപ്പിച്ച ശ്രീമതി.വിചല.എസ്-ന്റെ 23/05/2026 ലെ പരാതി.

## ഉത്തരവ്

കേരളത്തിലെ സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിലെ ആകെ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയുടെ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്ത 25% ഒഴിവുകളിലേക്ക് 29/12/2020 മുതൽ 01/06/2025 വരെയുള്ള ഒഴിവുകളിലേക്ക് നിയനമം നൽകുന്നതിനായി എച്ച്.എസ്.ടി,

യു.പി.എസ്.ടി/എൽ.പി.എസ്.ടി, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി അന്തിമ സീനിയോരിറ്റി ലിസ്റ്റിനെതിരെ പരാമർശം (2), (3) പ്രകാരം പരാതി ലഭിച്ചിട്ടുണ്ട്.

2. പരാമർശം (2),(3) പ്രകാരം ലഭിച്ച പരാതികൾ വിശദമായി പരിശോധിച്ചു. ടി പരാതികളിലെ വസ്തുതകൾ പരിഗണിച്ചതിന്റെയും പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി ലിസ്റ്റ് പുനഃപരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ചുവടെ പരാമർശിച്ച പ്രകാരം ഭേദതി വരുത്തി ഉത്തരവാകുന്നു.

- എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഹിന്ദി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കിയ യു.പി.എസ്.ടി/എൽ.പി.എസ്.ടി വിഭാഗത്തിലെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 35 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.അജിലി.എ.എസ് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടത് ടിയാളുടെ പാർട്ട് ടൈം സർവീസിന്റെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിലാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.അജിലി.എ.എസ്(APPLICATION.NO.2503811) െ യു.പി.എസ്.ടി/എൽ . പി.എസ്.ടി വിഭാഗത്തിന്റെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി പ്രസ്തുത ലിസ്റ്റ് പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.
- എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഇക്കണോമിക്സ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കിയ എച്ച്.എസ്.എ വിഭാഗത്തിന്റെ 2020, 2021, 2022, 2023 വർഷങ്ങളിലെ സീനിയോററ്റി ലിസ്റ്റിൽ യഥാക്രമം 48, 53, 55, 57 ക്രമ നമ്പർ ആയി ഉൾപ്പെട്ട ശ്രീ.പ്രവീൺ കുമാർ.സി-(APPLICATION.NO 2501255) സെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും ടിയാൾ 10 വർഷത്തെ സർവീസ് പൂർത്തിയാക്കി തത്തുല്യ യോഗ്യത നേടുന്നത് 2024 വർഷത്തിലായതിനാലും ശ്രീ.പ്രവീൺ കുമാർ.സി-യെ

2020, 2021, 2022, 2023 എന്നീ വർഷങ്ങളിലെ സീനിയോരിറ്റി ലിസ്റ്റുകളിൽ നിന്നും നീക്കം ചെയ്തും ടിയാളെ 2024-ലെ സീനിയോറിറ്റി ലിസ്റ്റിൽ മാത്രം നിലനിർത്തിയും പ്രസ്തുത ലിസ്റ്റ് പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

- എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സുവോളജി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കിയ യു.പി.എസ്.ടി/ എൽ . പി.എസ്.ടി വിഭാഗത്തിന്റെ 2021 മുതൽ 2025 വരെയുള്ള വർഷങ്ങളിലെ സീനിയോരിറ്റി ലിസ്റ്റിൽ നിയമന ശുപാർശ തീയതിയായ 16/10/2012 നു പകരം ജോലിയിൽ പ്രവേശിച്ച തീയതിയായ 23/01/2013 പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 13 ആയി ഉൾപ്പെടേണ്ടതിനു പകരം ക്രമ നമ്പർ 15 ആയി ഉൾപ്പെട്ട ശ്രീമതി.മുഹ്സിന.കെ.സി-യുടെ (APPLICATION.NO 2503030) സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 15 എന്നത് തിരുത്തി 13 ആക്കിയും അതിന് തുടർച്ചയായി ശ്രീമതി.ഷൈല്മി.സി-യുടെ (APPLICATION.NO.2500458) ക്രമ നമ്പർ 14 ആക്കിയും ശ്രീമതി.ശ്രീലക്ഷ്മി.എൽ-ന്റെ ക്രമ നമ്പർ 15 (APPLICATION.NO.2504439) ആക്കിയും പ്രസ്തുത ലിസ്റ്റ് പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

Digitally signed by
Harilal T N
Date: 14-08-2026
16:54:21

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :

1. ബന്ധപ്പെട്ട അധ്യാപകർക്ക്/ ജീവനക്കാർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ,ഡി.ഇ.ഒ/എ.ഇ.ഒ,
   എച്ച്.എം, ആർ.ഡി.ഡി

3. സി.എ റ്റു പൊതുവിദ്യാഭ്യാസ ഡയറക്ടർ
4. സി.എ റ്റു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ